# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4661 | 18/12/2014 ൽ മറുപടിക്ക്

## സങ്കലിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിലുള്ള കരാർ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS)യിൻ കീഴിൽ സംസ്ഥാനത്ത് ആകെ കരാർ വ്യവസ്ഥയിൽ എത്ര അദ്ധ്യാപകരാണ് ജോലിനോക്കുന്നതെന്ന് അറിയിക്കുമോ; ഇവർ പ്രസ്തുത ജോലികളിൽ എത്ര വർഷത്തോളമായി ജോലി നോക്കുന്നവരാണെന്നും അറിയിക്കുമോ; | (എ) IEDSS പദ്ധതിയിൻ കീഴിൽ ഗവൺമെന്റിന്റെ അനുവാദത്തോടെ 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDC പ്രകാരം 2002 മുതലും IED(SS) പദ്ധതി പ്രകാരം 2009-10 മുതലും കരാർ പുതുക്കി നിയമിക്കപ്പെട്ടാണ് ഇവർ ജോലിനോക്കിവരുന്നത്. |
| (ബി) മേൽ വിഭാഗം ജീവനക്കാരുടെ പ്രധാന ജോലികൾ എന്തൊക്കെയാണ്; ഇതുമൂലം സമൂഹത്തിലെ ഏത് വിഭാഗം കുട്ടികൾക്കാണ് പ്രയോജനം ലഭിക്കുക; | (ബി) പൊതു വിദ്യാലയങ്ങളിൽ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശാരീരികവും മാനസികവും ആയ വെല്ലുവിളികൾ നേരിടുന്ന, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സഹായിക്കുകയും കൂടാതെ അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടിയുടെ പഠനത്തിൽ സഹായിക്കേണ്ട വിധം ബോധവൽക്കരിക്കുകയും പാഠഭാഗങ്ങളിൽ ആവശ്യമായ അനുരൂപീകരണം നടത്തുകയും ചെയ്യുന്നു. ഇത് ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് പ്രയോജനപ്പെടുന്നു. |
| (സി) പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളവും ഇതര ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് ഏത് ഫണ്ട് ഉപയോഗിച്ചാണെന്ന് അറിയിക്കുമോ; ഈക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ടോ; വിദശാംശം അറിയിക്കുമോ; | (സി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള റിസോഴ്സ് അധ്യാപകർക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന ഫണ്ടുപയോഗിച്ചാണ് ശമ്പളം നൽകുന്നത്. പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നതിനാൽ സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് കേന്ദ്ര മാനവവിഭവശേഷി വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ നടപ്പിലാക്കുവാൻ സർക്കാർ തയ്യാറാകുമോ; | (ഡി) | ഉണ്ട്. കേന്ദ്രസർക്കാർ ശമ്പള ഇനത്തിൽ അനുദിക്കുന്ന തുക റിസോഴ്സ് അധ്യാപകർക്ക് വേതനമായി നൽകിവരുന്നു. |
| (ഇ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജയരാജൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ; | (ഇ) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജയരാജൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കി പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ? | (എഫ്) | 2015-16 വർഷത്തേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുമ്പോൾ പ്രസ്തുത അധ്യാപകർക്ക് അർഹമായ ശമ്പളം ശുപാർശ ചെയ്യുന്നതും അനുവദിക്കുന്ന തുക വേതനമായി നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ